# ആലപ്പുഴ ജില്ലാ പോലീസ് പത്രക്കുറിപ്പ്

## ശനി ഞായർ ദിനങ്ങളിൽ നിയന്ത്രണങ്ങൾ കടുപ്പിക്കും, ട്രിപ്പിൾ ലോക്ഡൌൺ സോണുകളിൽ നിരീക്ഷണം കർശനമാക്കി ജില്ലാ പോലീസ്

ടി പി ആർ 18 ശതമാനത്തിന് മുകളിലുള്ള പ്രദേശങ്ങളിൽ നിയന്ത്രണങ്ങൾ കർശനമാക്കി ജില്ലാ പോലീസ്. ജില്ലയിൽ അവശ്യ കാര്യങ്ങൾക്കല്ലാതെ പുറത്തേക്ക് ഇറക്കിയ 79 വാഹനങ്ങൾ പിടിച്ചെടുത്തു. ജില്ലയിൽ കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ചതുമായി ബന്ധപ്പെട്ട് കഴിഞ്ഞ 24 മണിക്കുറിനുള്ളിൽ 15 കേസുകൾ രജിസ്റ്റർ ചെയ്തു. 05 പേരെ അറസ്റ്റ് ചെയ്തു. ക്വാറന്റീൻ ലംഘിച്ചതിന് 02 പേർക്കെതിരെയും, മാസ്ക്ക് ധരിക്കാത്തതിന് 516 പേർക്കെതിരെയും, സാമൂഹ്യ അകലം പാലിക്കാത്തതിന് 226 പേർക്കെതിരെയും,കോവിഡ് പ്രോട്ടോക്കോൾ ലംഘിച്ചതിന് നടപടി സ്വീകരിച്ചു. 46379 പേരെ താക്കീത് ചെയ്ത് വിട്ടയച്ചു. താക്കീത് ചെയ്ത് വിട്ടവരിൽ കൂടുതൽ പേരും ഡബിൾ മാസ്ക് ഉപയോഗിക്കാത്തവരായിരുന്നു. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 18 ശതമാനത്തിന് മുകളിലുള്ള പ്രദേശങ്ങളെ ഡി വിഭാഗത്തിൽ ഉൾപ്പെടുത്തി കൂടുതൽ നിയന്ത്രണങ്ങൾ സ്ഥലത്ത് ഏർപ്പെടുത്തി പ്രദേശത്ത് ട്രിപ്പിൾ ലോക്ഡൌൺ നിയന്ത്രണങ്ങൾ ആണ് നടപ്പിലാക്കുന്നത്. ടിപിആർ ആറ് ശതമാനത്തിന് താഴെയുള്ള പ്രദേശങ്ങളെ എ വിഭാഗത്തിലും ആറിനും പന്ത്രണ്ടിനുമിടയിലുള്ള പ്രദേശങ്ങളെ ബി വിഭാഗത്തിലും പന്ത്രണ്ടിനും പതിനെട്ടിനുമിടയിലുള്ള സ്ഥലങ്ങളെ സി വിഭാഗത്തിലും ഉൾപ്പെടുത്തും. സി വിഭാഗത്തിൽ ഉള്ള സ്ഥലങ്ങളിൽ ലോക്ഡൌണിന് സമാനമായ നിയന്ത്രണങ്ങൾ നടപ്പിലാക്കും. ശനിയും ഞായറും സ്വകാര്യ ബസ് സർവ്വീസുകൾ ഉണ്ടായിരിക്കില്ല. പുറത്തിറങ്ങുന്നവർ എൻ 95 മാസ്കോ, ഡബിൾ മാസ്കോ ഉപയോഗിക്കണം. ഓഫീസുകളിലും സ്ഥാപനങ്ങളിലും മാസ്ക് നിർബന്ധമാണ്. ജനിതകമാറ്റം വന്ന വൈറസിന്റെ വ്യാപനം നിലനിൽക്കുന്നതിനാൽ പൊതു ഇടങ്ങളിൽ എല്ലാവരും പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്. സ്ഥാപനങ്ങളിൽ തിരക്ക് അനുവദിക്കരുത്. പൊതുസ്ഥലത്ത് പുലർത്തുന്ന ശ്രദ്ധ സ്വന്തം വീടുകളിലും ജോലി സ്ഥലത്തും കാണിക്കേണ്ടതാണ് കടകമ്പോളങ്ങളിലും മറ്റും തിരക്ക് ഒഴിവാക്കാൻ ജനങ്ങളും കടയുടമകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇളവുകൾ ലഭിച്ച പ്രദേശങ്ങളിൽ അവ ദുരുപയോഗം ചെയ്യരുത്. ട്രോളിങ് കാലയളവിൽ യന്ത്രവത്കൃതബോട്ടുകൾ ഒന്നും കടലിൽ പോകുവാനോ മത്സ്യബന്ധനം നടത്താനോ പാടില്ല. കോവിഡ് നിയന്ത്രണങ്ങൾ പാലിക്കാത്തവർക്കെതിരെ ദുരന്തനിവാരണ നിയമം പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമം വകുപ്പ് 188, 269 പ്രകാരവും പകർച്ചവ്യാധി നിയന്ത്രണ നിയമപ്രകാരവുമുള്ള നടപടികൾ സ്വീകരിക്കും. ഈ നിയന്ത്രണങ്ങൾ കർശനമായി ജില്ലയിൽ നടപ്പാക്കുമെന്നും പൂർണ്ണമായും പാലിക്കാൻ എല്ലാവരും സ്വമേധയ തയ്യാറാകേണ്ടതാണ്.